**പതിനാലാം കേരളനിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2953** **10.05.2017-ൽ മറുപടിക്ക്**

**ലഹരി മരുന്ന് വില്പന തടയുന്നതിന് സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. റോജി എം. ജോൺ | | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) | സംസ്ഥാനത്ത് ലഹരി മരുന്ന് വില്പനക്കാരെ പിടികൂടുന്നതിനായി സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (എ) | സംസ്ഥാനത്ത് നിയമ വിരുദ്ധ ലഹരി വസ്തുക്കളുടെ ശേഖരണം, കടത്തൽ എന്നിവയുടെ ഉറവിടം കണ്ടെത്തി അവ ഇല്ലായ്മ ചെയ്യുന്നതിന് അതിവിപുലമായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതിന്റെ ഭാഗമായി ഓരോ പോലീസ് സ്റ്റേഷന്റെ കീഴിലും ഒരു പോലീസ് സബ് ഇൻസ്പെക്ടറും, 2 പോലീസുകാരും ഉൾപ്പെടുന്ന SOG (Specialized Operation Group) രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് കഞ്ചാവ് വില്പന അടുത്തിടെ വർദ്ധിച്ചതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | 2017 ജനുവരി 1 മുതൽ ഇതുവരെ എത്ര കിലോഗ്രാം കഞ്ചാവ് പിടിച്ചെടുത്തുവെന്നും എത്രപേരെ ഇതുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്തുവെന്നും വെളിപ്പെടുത്തുമോ? | (സി) | 2017 ജനുവരി 1 മുതൽ 02.05.2017 വരെ 213.653 കിലോഗ്രാം കഞ്ചാവ് പിടിച്ചെടുക്കുകയും, 807 പേരെ ഇതുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ